## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. പ്രിയങ്ക.ജി. I.A.S)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ജീവനക്കാര്യം- ക്ലർക്ക്/ക്ലർക്ക് ടൈപ്പിസ്റ്റ്മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് - ശ്രീ.എസ്.വിനോദ്, ക്ലർക്ക് സീനിയോറിറ്റി നിശ്ചയിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:
1. വനിത ശിശു വികസന ഡയറക്ടറുടെ 04.02.2021 തീയതിയിലെ WCD/E8/12035/2020 നം. ഉത്തരവ്
2. ജിഒ(എംഎസ് )നം.359/2000/ജിഇ തീയതി.13.11.2000 ഗവ. ഉത്തരവ്
3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഇ4-9678/2000 തീയതി.24.01.2001 നം. ഉത്തരവ്
4. വണ്ടൂർ ശിശു വികസന പദ്ധതി ഓഫീസറുടെ 31.11.2022 തീയതിയിലെ ICDS/WDR/A.123/2020 നം .കത്ത്

**ഉത്തരവ് നം. WCD-E8/759/2023 തീയതി: 21.03.2023**

വനിത ശിശു വികസന വകുപ്പിൽ 31.12.2016 വരെ സർവ്വീസിൽ പ്രവേശിച്ച ക്ലർക്ക്/ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയിറിറ്റി ലിസ്റ്റ് പരാമർശം (1 )പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരാമർശം (2),(3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 05.02.2001 പൂർവ്വാഹ്നത്തിൽ കൊല്ലം ജില്ലയിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീ.എസ്.വിനോദിനെ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ആയതിനാൽ ടിയാൻറെ സർവ്വീസ് വിവരങ്ങൾ പരിശോധിച്ച് സീനിയോറിറ്റി നിശ്ചയിച്ച് നിലവിലെ സീനിയോറിറ്റി ല്സ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം വണ്ടൂർ ശിശു വികസന പദ്ധതി ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ വിനോദ്.എസിൻറെ സർവ്വീസ് രേഖകൾ പരിശോധിച്ചു. 05.02.2001 തീയതിയിൽ ക്ലർക്കായി സർവ്വീസിൽ പ്രവേശിച്ച ശ്രീ.വിനോദിൻറെ പേര് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുളള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ശ്രീ.വിനോദിൻറെ സീനിയോറിറ്റി ടിയാൻ സർവ്വീസിൽ പ്രവേശിച്ച തീയതി അടിസ്ഥാനമാക്കി പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമീകരിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.വിനോദ്.എസിൻറെ സീനിയോറിറ്റി ടിയാൻ സർവ്വീസിൽ പ്രവേശിച്ച 05.02.2001 തീയതിയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുളള സീനിയോറ്റി ലിസ്റ്റിലെ ക്രമ നം. 3. ശ്രീ. ഷൈജു K.M. നും ക്രമ. നം. 4. ശ്രീ പവിത്രൻ T ക്കും മദ്ധ്യത്തിലായി ക്രമനം. 3 (എ) ആയി ചുവടെ പറയുന്ന പ്രകാരം സീനിയോറ്റി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സീനിയോറിറ്റി ക്രമനം. | പേര് | ജനനത്തീയതി | വിദ്യാഭ്യാസ യോഗ്യത | | നിയമനനിര്ദ്ദേശ കത്ത് നമ്പരും തീയതിയും | നിയമനഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷൽ | | | | |
| 3എ | വിനോദ്. എസ് | 31/12/1977 | SSLC | MOP Account Test (L) | ജിഒ(എം.എസ്) നം.369/2000/ജി.ഇ തീയതി 13.11.2000 | E4/9678/2000 SWD, dtd. 24/01/2001 | 5/02/2001 FN | സമാശ്വാസ തൊഴിൽദാന പദ്ധതി |

ശ്രീ.വിനോദിന് ഈ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം, ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്
1) സൂപ്രണ്ട് ഐടി സെൽ
2) ഇ4 സെക്ഷൻ
3) സ്റ്റോക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്